# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 5727 — 09.07.2012 ൽ മറുപടിയ്ക്ക്

**സർക്കാർ ഏറ്റെടുക്കുകയോ എയ്ഡഡ് ആക്കുകയോ ചെയ്തിട്ടുള്ള സ്കൂളുകൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ. അജിത് | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>വിദ്യാഭ്യാസ വകുപ്പുമന്ത്രി |
| (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ഏതെങ്കിലും സ്കൂളുകളെ സർക്കാർ ഏറ്റെടുക്കുകയോ എയ്ഡഡ് ആക്കുകയോ ചെയ്തിട്ടുണ്ടോ;<br>(ബി) ഉണ്ടെങ്കിൽ എത്ര സ്കൂളുകളെന്നും ഏതെല്ലാം ജില്ലകളിലാണെന്നും വ്യക്തമാക്കുമോ; | എ & ബി<br>07.01.2012 - ലെ ജി.ഒ. (എം.എസ്.) 08/2012/പൊ.വി. പ്രകാരം ആലപ്പുഴ ജില്ലയിലെ കാക്കാഴം ഹൈസ്കൂളിന്റെ നിയന്ത്രണാധികാരം ആലപ്പുഴ ജില്ലാ പഞ്ചായത്തിന് നൽകിയിട്ടുണ്ട്. |
| (സി) ഏതെങ്കിലും സ്കൂളുകൾ സർക്കാർ മേഖലയിലോ എയ്ഡഡ് മേഖലയിലോ ആക്കുന്നതിനായി സർക്കാർ ആലോചനയുണ്ടോ;<br>(ഡി) ഉണ്ടെങ്കിൽ ഇതിനായി എത്ര സ്കൂളുകൾ തെരഞ്ഞെടുത്തിട്ടുണ്ടെന്നും ആയവ ഏതൊക്കെയെന്നും ജില്ല തിരിച്ച് വ്യക്തമാക്കുമോ;<br>(ഇ) ഈ രീതിയിൽ സ്കൂളുകൾ ഏറ്റെടുക്കുകയാണെങ്കിൽ ആയതിലേക്ക് എന്തു തുക ചെലവ് വരുമെന്നാണ് സർക്കാർ കണക്കാക്കുന്നതെന്നും സർക്കാർ വ്യക്തമാക്കുമോ; | സി, ഡി & ഇ<br>സർക്കാർ/എയ്ഡഡ് മേഖലയിൽ സ്കൂളുകൾ അനുവദിക്കുന്നതിനോ അപ്ഗ്രേഡ് ചെയ്യുന്നതിനോ സർക്കാർ നയപരമായ തീരുമാനം എടുത്തിട്ടില്ല. |
| (എഫ്) സംസ്ഥാനത്ത് ഏതെങ്കിയലും സ്കൂളുകൾ സർക്കാർ ഏറ്റെടുക്കുകയോ, എയ്ഡഡ് മേഖലയിൽ ആക്കുകയോ വേണമെന്ന് ആവശ്യപ്പെട്ട് ഗവൺമെന്റിന് അപേക്ഷ നൽകിയിട്ടുണ്ടോ;<br>(ജി) ഈ രീതിയിൽ അപേക്ഷ ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ജില്ല തിരിച്ച് വ്യക്തമാക്കുമോ; ആയതിൽ സർക്കാർ ഏതെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ? | എഫ് & ജി<br>മൂന്നു സ്കൂളുകൾ സർക്കാർ ഏറ്റെടുക്കണമെന്ന് ആവശ്യപ്പെട്ട് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. 3 സ്കൂളുകളും മലപ്പുറം ജില്ലയിലാണ്.<br>1, കുറ്റൂർ ദേവി സഹായം എൽ.പി.എസ്. ഇതിന്മേൽ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ വിശദമായ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. |

2) കോർമ്മന്തല എ.എം.എൽ.പി. എസ്.

3) താനൂർ ചിറയ്ക്കൽ കെ.വി.എൻ.എം യു.പി. എസ്.

താനൂർ എ.ഇ.ഒ. യുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്.

Sd/

സെക്ഷൻ ഓഫീസർ